## കൂട് പരിപാലനം

- ❖ സസ്യപ്ലവകങ്ങൾ, ബാർനക്കിൾസ്, ട്യൂണിക്കേറ്റ്സ്, ട്യൂബ് വിരകൾ, മുത്തുചിപ്പി എന്നിവ ഒട്ടിപിടിച്ചു വളരുന്നത് ബയോഫൗളിംഗിന് കാരണമാകുന്നു
- ❖ വലയുടെ കണ്ണിവലുപ്പം കുറവാണെങ്കിൽ ഫൗളിംഗ് കൂടുതൽ വേഗത്തിലാകും.
- ❖ അനുകൂലമായ കാലാവസ്ഥയിൽ ഓരോ ആഴ്ചയും വെള്ളത്തിൽ ഇറങ്ങി വല നിരീക്ഷിക്കേണ്ടതാണ്
- ❖ കൃഷിക്ക് ഉപയോഗിക്കുന്ന ചെറിയ കണ്ണി വലകൾ (2.5 സെന്റിമീറ്ററിൽ താഴെ) രണ്ടാഴ്ചയ്ക്കുള്ളിൽ വൃത്തിയാക്കണം. വലിയ കണ്ണിവലകൾ 30 മുതൽ 90 ദിവസത്തിനുള്ളിൽ വൃത്തിയാക്കേണ്ടതുണ്ട്
- ❖ ഫൗളിംഗ് ജീവികളെ ഉയർന്ന മർദ്ദമുള്ള വാട്ടർ ജെറ്റ് ഉപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ്
- ❖ വല വീണ്ടും കൂട് കൃഷിക്ക് ഉപയോഗിക്കുന്നതിന് മുമ്പ് ഉണക്കി നന്നാക്കേണ്ടതാണ്



ബയോഫൗളിംഗ് (വലകളിൽ മുത്തുച്ചിപ്പി ഒട്ടിപ്പിടിച്ച് വളരുന്നു

## വിളവെടുപ്പ്




ജി.ഐ. കൂടിൽ നിന്നുമുള്ള കരിമീൻ വിളവെടുപ്പ്




കാളാഞ്ചി വിളവെടുപ്പ്



ചെമ്പല്ലി വിളവെടുപ്പ്



വിളവെടുപ്പ് സ്ഥലത്ത് നിന്നുള്ള കാളാഞ്ചി വില്പന

## കാളാഞ്ചി കൂടുകൃഷിയുടെ സാമ്പത്തിക വശം (കൂടിന്റെ അളവ് 3X3X3 (27 $m^3$ )

| കൃഷി കാലയളവ് ( 8 മാസം) | വിവരങ്ങൾ തുക (Rs) |
|---|---|
| I. മൂലധനം | |
| 1. കൂട് ഫ്രെയിമിന്റെ വില (1.25ഇഞ്ച് ബി ക്ലാസ്സ് ISI പൈപ്പ്) | 25,000.00 |
| 2. വലയുടെ വില | 30,000.00 |
| 3. ഫ്ളോട്ടിന്റെയും മറ്റു അനുബന്ധ സാധനങ്ങളുടെയും വില (ഒരു കൂടിൽ 8 എണ്ണം വെച്ച് ) | 10,000.00 |
| 4. നങ്കൂരത്തിന്റെ വില (20കിലോയുടെ 2എണ്ണം ) | 5,000.00 |
| 5. ഫ്രീസർ | 15,000.00 |
| **ആകെ മൂലധനം (1+2+3+4+5)** | 85,000.00 |
| 6. തേയ്മാനം (20%) | 17,000.00 |
| 7. മൂലധനത്തിന്റെ പലിശ (12%) | 10,200.00 |
| **വാർഷിക മൂലധനം (6+7) (A)** | **27,200.00** |
| II. പ്രവർത്തന ചെലവ് | |
| 8. 300 കാളാഞ്ചി കുഞ്ഞുങ്ങളുടെ വില (30 രൂപ / വിത്ത് & വാഹന ചെലവ് ) | 9,000.00 |
| 9. തീറ്റ (ചെറിയ മത്സ്യം - 1085 കിലോ @Rs. 20/കിലോ & പെല്ലറ്റ് തീറ്റ - 60കിലോ) | 28,000.00 |
| 10. പണിക്കൂലി (2 മണിക്കൂർ / ദിവസം, 1200 രൂപ ഒരു മാസത്തേക്ക്, ആകെ 8 മാസം ) | 9,600.00 |
| 11. വിളവെടുപ്പും മറ്റു ചെലവുകളും | 2,000.00 |
| **ആകെ പ്രവർത്തന ചെലവ് (7+8+9+10) (B)** | **48,600.00** |
| **ആകെ ചെലവ് (A+B)** | **75,800.00** |
| III. വരുമാനം | |
| 12. ഉൽപാദനം | 300 കിലോ |
| 13. മൊത്ത വരുമാനം @Rs. 500/കിലോ | 1,50,000 |
| 14. ആകെ ലാഭം | 74,200 |
| 15. ചെലവ് / കിലോ (Rs.) | 252 |
| 16. വില / കിലോ (Rs.) | 500 |
| 17. പ്രവർത്തന അനുപാതം | 0.32 |
| 18. NPV | 2,31,256 |
| 19. BCR | 1.92 |
| 20. IRR | 99.5% |

സാമ്പത്തിക സഹായം : ഐ.സി.എ.ആർ. പട്ടികജാതി വികസന പദ്ധതി (SCSP)

ഷിൽറ്റ എം.റ്റി., വിനോദ് കെ., അനുലക്ഷ്മി ചെല്ലപ്പൻ, അഖിലേഷ് കെ.വി.,
രമ്യ അഭിജിത്ത്, സുരേഷ് ബാബു പി. പി., മധു കെ., രമ മധു,
രേണുക പി., നിഷിത്ത് കെ.

ഐ.സി.എ.ആർ. – കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
കോഴിക്കോട് പ്രാദേശിക കേന്ദ്രം
വെസ്റ്റ്ഹിൽ. പി. ഒ., കോഴിക്കോട്, കേരളം – 673 005

CMFRI Pamphlet No. 121/2023





# കൂടുമത്സ്യകൃഷി : ഭക്ഷണ ക്രമീകരണം, രോഗ പ്രതിരോധ മാർഗങ്ങൾ, കൂടുകളുടെ പരിപാലനം

## കൂടു മത്സ്യകൃഷിയിലെ ഭക്ഷണ ക്രമീകരണം

- ❖ കൂടു മത്സ്യകൃഷിയുടെ മൊത്തം ഉൽപാദന ചെലവിന്റെ 40-60% വരെ തീറ്റക്കായി ചെലവാക്കപ്പെടുന്നു
- ❖ മത്സ്യതീറ്റയിൽ 1) പ്രോട്ടീൻ 2) കാർബോഹൈഡ്രേറ്റ് 3) കൊഴുപ്പ് 4) ധാതുക്കൾ 5) വിറ്റാമിനുകൾ എന്നിവ അടങ്ങിയിരിക്കണം
- ❖ സാധാരണയായി സമുദ്രമത്സ്യങ്ങൾക്ക് ഉയർന്ന വളർച്ചയ്ക്ക് അധിക പ്രോട്ടീൻ അടങ്ങുന്ന (35-40%) തീറ്റ ആവശ്യമാണ്
- ❖ 1:2 എഫ്.സി.ആർ ഉള്ള തീറ്റ കൃഷിക്കു ഉചിതമാണ്
- ❖ മത്സ്യങ്ങൾക്ക് തീറ്റ അമിതമായി നൽകിയാൽ പരിസ്ഥിതി മലിനീകരണത്തിനും സാമ്പത്തിക നഷ്ടത്തിനും ഇടയാക്കുന്നു

## സമുദ്ര മത്സ്യങ്ങളുടെ പോഷക ആവശ്യകതകൾ (%)

| കുഞ്ഞുങ്ങളുടെ വലിപ്പം | ഈർപ്പം | മാംസ്യ അളവ് | കൊഴുപ്പ് | നാര് |
|---|---|---|---|---|
| ഫിംഗർലിംഗ് (1-20ഗ്രാം) | <12 | >42 | >5 | <4 |
| ജുവനൈൽ (20-50 ഗ്രാം) | <12 | >40 | >5 | <4 |
| ഗ്രോവർ (50-300 ഗ്രാം) | <12 | >38 | >5 | <4 |
| വിപണനം ചെയ്യാവുന്ന വലിപ്പം (> 300 ഗ്രാം) | <12 | >35 | >5 | <4 |

## തീറ്റ: സംഭരണവും നിരക്കും

- ❖ മത്സ്യകൃഷിക്ക് ഉപയോഗിക്കുന്ന വിവിധതരം തീറ്റകൾ 1) ഉണക്ക തീറ്റ 2) നനവുള്ള തീറ്റ 3) കുറഞ്ഞ നനവുള്ള തീറ്റ
- ❖ കോൾഡ് സ്റ്റോറേജുകൾ വിലകുറഞ്ഞ മത്സ്യ സംഭരണത്തിന് അനുയോജ്യമാണ്
- ❖ മത്സ്യത്തിന്റെ ശരീരഭാരത്തിനനുസൃതമായി എത്ര തീറ്റകൊടുക്കണമെന്ന് നിശ്ചയിക്കുന്നു
- ❖ ചെറിയ മത്സ്യകുഞ്ഞുങ്ങൾക്ക് അവയുടെ ശരീരഭാരത്തിന്റെ 5-10% തീറ്റയും, വലിയ മത്സ്യങ്ങൾക്ക് ശരീരത്തിന്റെ 3% തീറ്റയും നൽകണം
- ❖ തീറ്റയുടെ അളവ് 2-3 ഭാഗങ്ങളായി തുല്യമായി വിഭജിക്കുകയും രാവിലെയും ഉച്ചയ്ക്കും, വൈകുന്നേരവും മത്സ്യങ്ങൾക്ക് നൽകുകയും ചെയ്യണം
- ❖ തീറ്റ ആവൃത്തി വർദ്ധിപ്പിക്കുന്നത് തീറ്റ നഷ്ടം കുറയ്ക്കാൻ സഹായിക്കുന്നു



മത്സ്യ കുഞ്ഞുകൾക്ക്
ഫ്ളോട്ടിങ് പെല്ലറ്റ് തീറ്റ കൊടുക്കുന്നു



വിലകുറഞ്ഞ മത്സ്യങ്ങൾ കാളാഞ്ചി
കുഞ്ഞുങ്ങൾക്ക് ഭക്ഷണമായി നൽകുന്നു



കൃഷിയിടത്തിൽ മത്സ്യ തീറ്റ
സംഭരിക്കുന്നതിനുള്ള സൗകര്യം



കൃഷിയിടം നിരീക്ഷിക്കാനുള്ള ഷെഡ്

## കാളാഞ്ചി കൃഷിക്കു ആവശ്യമായ തീറ്റ നിരക്ക്

| മാസം | മത്സ്യത്തിന്റെ ശരീരഭാരം (ഗ്രാം) | തീറ്റ നിരക്ക് (%) | തീറ്റവലുപ്പം (മില്ലീമീറ്റർ) |
|---|---|---|---|
| 1st | 10-20 | 15 | 1.2 mm |
| 2nd | 25-50 | 12 | 1.2 mm |
| 3rd | 50-100 | 10 | 1.8 mm |
| 4th | 100-200 | 9 | 1.8 mm |
| 5th | 200-500 | 8 | 3.0 mm |
| 6th | 500-700 | 7 | 3.0 mm |
| 7th | 700-1000 | 5 | 6.0 mm |
| 8th | 1000-1500 | 4 | 8.0 mm |
| 9th | 1500-2000 | 3 | 8.0 mm |

## വിവിധ കടൽ മത്സ്യങ്ങളുടെ സംഭരണ സാന്ദ്രത

| മത്സ്യ ഇനം | വലുപ്പം (ഗ്രാം) | സംഭരണ സാന്ദ്രത (nos./$m^3$) |
|---|---|---|
| കാളാഞ്ചി | 15 cm/35 g | 25-30 |
| വറ്റ | 10 cm/35 g | 30-40 |
| മോദ | 15 cm/35 g | 8-10 |
| കലവ | 15 cm/40 g | 15-20 |

## മത്സ്യക്കുഞ്ഞുങ്ങളുടെ ഗതാഗതവും സംഭരണവും





ഇൻസുലേറ്റഡ് വാനിൽ ഓക്സിജൻ നിറച്ച പോളിത്തീൻ ബാഗിൽ കാളാഞ്ചി
കുഞ്ഞുങ്ങളെ കൊണ്ടു വരുന്നു



കൂടിൽ നിക്ഷേപിക്കുന്നതിനു മുൻപ്
കാളാഞ്ചി കുഞ്ഞുങ്ങളെ
പുതിയ അന്തരീക്ഷം, താപനില
എന്നിവയുമായി
പൊരുത്തപ്പെടുത്തുന്നു



എണ്ണിയതിനു ശേഷം കുഞ്ഞുങ്ങളെ
കൂടിൽ നിക്ഷേപിക്കുന്നു

## ഫലപ്രദമായ തീറ്റ ക്രമീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- ❖ മത്സ്യങ്ങൾ തീറ്റയെടുക്കുന്നത് കുറയുകയാണെങ്കിൽ ജലത്തിന്റെ ഗുണനിലവാരം മോശമാണെന്നും, രോഗങ്ങൾക്കു സാധ്യത ഉണ്ടെന്നും സൂചിപ്പിക്കുന്നു
- ❖ അന്തരീക്ഷ താപനില പെട്ടെന്ന് കുറയുകയാണെങ്കിൽ തീറ്റ നിരക്ക് കുറയ്ക്കാൻ ശ്രദ്ധിക്കണം
- ❖ സംഭരണത്തിന് മുമ്പ് തീറ്റയുടെ ഗുണനിലവാരം (പൂപ്പൽബാധ, എലി മുതലായവയിൽ നിന്നും മുക്തമായി) പരിശോധിക്കുക
- ❖ തീറ്റ ഈർപ്പം ഇല്ലാത്ത സ്ഥലത്ത് സൂക്ഷിക്കുകയും നിർമ്മാണ തിയ്യതിക്ക് മൂന്നുമാസത്തിനുള്ളിൽ ഉപയോഗിക്കുകയും വേണം.
- ❖ വില കുറഞ്ഞ മത്സ്യങ്ങൾ തീറ്റയായി ഉപയോഗിക്കുമ്പോൾ അവ പഴകിയതാകാൻ പാടില്ല
- ❖ തീറ്റ പാഴാക്കുന്നത് കുറയ്ക്കുന്നതിന് വെള്ളത്തിൽ മുങ്ങിപോകുന്ന തീറ്റകൾ തീറ്റ പാത്രങ്ങളിലും, വെള്ളത്തിനുമീതെ പൊങ്ങികിടക്കുന്ന തീറ്റകൾ വളയങ്ങളിലും നിക്ഷേപിക്കുക
- ❖ അമിത ഭക്ഷണം ഒഴിവാക്കാൻ ശരിയായ തീറ്റക്രമം പാലിക്കുക
- ❖ തീറ്റ ആവൃത്തി 3 കുറയാൻ പാടില്ല
- ❖ മത്സ്യം തീറ്റ കഴിക്കുന്നില്ലെങ്കിൽ തീറ്റ നിരക്ക് കുറയ്ക്കണം.

## കൂടുകൃഷി പ്രവർത്തനങ്ങളിൽ പാലിക്കേണ്ട ആരോഗ്യ പരിപാലന രീതികൾ

- ❖ ഹാച്ചറിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന ആരോഗ്യകരമായ വിത്തുകളെ തിരഞ്ഞെടുക്കുക
- ❖ കൂടിന് അനുയോജ്യമായ സാന്ദ്രതയിൽ മത്സ്യങ്ങളുടെ സംഭരണം
- ❖ അമിതമായി കൂടുകളിൽ നിക്ഷേപിച്ച ഭക്ഷണം നീക്കം ചെയ്യുക
- ❖ വലകളിൽ ഒട്ടിപ്പിടിക്കുന്ന ജീവികളുടെ കാഠിന്യം അനുസരിച്ച് വലയുടെ കഴുകൽ ആവൃത്തി വർദ്ധിപ്പിക്കുക
- ❖ ചത്ത മത്സ്യങ്ങൾ, രോഗം ബാധിച്ചവ എന്നിവയെ ദിവസേന നീക്കം ചെയ്യുക